**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **04-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ വഖഫ് ചെയ്യപ്പെട്ട വസ്തുവകകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ വഖഫ് ചെയ്യപ്പെട്ട വസ്തുവകകളുടെ നികുതി സ്വീകരിക്കുക, പോക്കുവരവ് ചെയ്യുക, കൈവശസർട്ടിഫിക്കറ്റ് നൽകുക ഉൾപ്പെടെയുള്ള നടപടികൾ ചെയ്യരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് വഖഫ് ബോർഡ് കത്ത് നൽകിയതിനെ തുടർന്ന് വർഷങ്ങളായി തീറായി ലഭിച്ച് കൈവശം വെച്ച് അനുഭവിച്ചു വരുന്ന വസ്തുവകകളുടെ കരം സ്വീകരിക്കാതിരിക്കുകയും അതുവഴി വിവാഹം, വിദ്യാഭ്യാസം, ചികിത്സാചെലവ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായും പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ:; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി താലൂക്ക് പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട വഖഫ് ഭൂമിക്ക് അന്യ വ്യക്തികളിൽ നിന്നും നികുതി സ്വീകരിക്കുയോ പ്രസ്തുത ഭൂമിക്ക് കൈവശസർട്ടിഫിക്കറ്റ് നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ ചെയ്യരുത് എന്നറിയിച്ചുകൊണ്ട് കേരള വഖ്ഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഭൂനികുതി സ്വീകരിക്കാതിരുന്നത്. |
| (ബി) | വഖഫായി ലഭിച്ച വസ്തുവകകൾ വഖഫിനെ കുറിച്ച് അറിയുന്നവർ തന്നെ വർഷങ്ങൾക്ക് മുൻപ് തീറായി നൽകിയതും രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ രജിസ്ട്രേഷനും പോക്കുവരവും കരം സ്വീകരിക്കലുമെല്ലാം നടത്തി സാധാരണ ജനവിഭാഗത്തിന് നിരവധി തവണ നിയമാനുസൃതം കൈമാറ്റങ്ങൾ നടത്തി ഉടമസ്ഥാവകാശം ഉറപ്പിച്ച് കൊടുത്തതുമായ വസ്തുവകകളുടെ കരം സ്വീകരിക്കൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ നിർത്തിവെച്ചിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ; | (ബി) | കൊച്ചി താലൂക്ക് കുഴുപ്പിള്ളി വില്ലേജ് പഴയ സർവ്വേ 18/1-4 ൽപ്പെട്ട 404 ഏക്കർ 76 സെന്റ് ഭൂമി ഫാറൂഖ് കോളേജിനുവേണ്ടി കൊച്ചി താലൂക്ക് മട്ടാഞ്ചേരി വില്ലേജ് ബംഗ്ലാശ്ശേരി ബംഗ്ലാവിൽ ഇരിക്കും മുസൽമാൻ ഹാജി ഹാബു സേട്ട് മകൻ മുഹമ്മദ് സിദ്ധിഖ് സേട്ട് വഖ്ഫ് ആധാരം എഴുതി നൽകിയിട്ടുള്ളതാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കല്ലാതെ ഇതിൽപ്പെട്ട വഹകളും അതിൽ നിന്നുള്ള അദായവും ഉപയോഗിക്കുന്നതിന് അവകാശമില്ലായെന്നും ഏതെങ്കിലും കാലത്ത് കോളേജ് നടപ്പിൽ ഇല്ലാതെ വരുകയാണെങ്കിൽ ഇതിൽപ്പെട്ട വസ്തുവഹകൾ തിരിച്ചെടുക്കുന്നതിന് ആധാരം എഴുതിക്കൊടുത്ത ആളുടെ പിൻതുടർച്ചാവകാശികൾക്ക് അധികാരമുണ്ടെന്ന് 2115/1950-ാം നമ്പർ ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ വഖ്ഫ്ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ആവശ്യപ്രകാരവും ജില്ലാ ഓഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ്, ഭൂനികുതി സ്വീകരിക്കുന്നത് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള സേവനങ്ങൾ നിർത്തി വെച്ചിട്ടുള്ളത്. |
| (സി) | ഇതു സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ റവന്യൂ വകുപ്പ് മുൻപാകെ സമർപ്പിച്ച റിപ്പോർട്ടിന്മേലും (ഫയൽ നം.217/ഇ3/2022/ആർ.ഡി.) പ്രദേശവാസികൾ സമർപ്പിച്ച നിവേദനത്തിലും (ഫയൽ നം.97/എഫ്.1/2022/ആർ.ഡി.) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (സി) | E3/217/2022/REV, F1/97/2022/REV നമ്പർ ഫയലുകളിൽ യഥാക്രമം ലാൻഡ് റവന്യൂ കമ്മീഷണറുടെയും സംസ്ഥാന വഖ്ഫ്ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും വിശദമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ